# *സ്വയം അറിയാൻ*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

ഏവരും സ്വന്തം തൂക്കം
എന്തെന്നറിയുക.
പീഠത്തിൽ താങ്ങി
ഘനഭാവച്ഛായം തേമ്പുന്നോർ
ബ്രഷിൻ കുറ്റിരോമം ചതച്ച്
വൈകൃത കരിമഷീവികലത
വരയും ദിനം ദൂരെയല്ലെന്നും
സ്വയം വിളംബരം ചെയ്യുക.
തൂക്കിലിടാൻ
കഴുത്തു വിലപേശുന്നോനെ
നെറ്റിപ്പട്ടം കെട്ടി
തിടമ്പിൽ
കൊലാകാരന്റെ
ദുർത്തിരുമുഖം തുടയ്ക്കുക –
കൊലയാളിയെ തിരയണ്ട!
ശവത്തെ മാത്രം തിരയുക!!

കൊലയുടെ കേളികൊട്ട്
വീരഗാഥയായ് വരുന്നത്
തടയിടാൻ
ചേങ്ങില പൊത്തുക.
എന്തെന്നാൽ
തൂക്കത്തിൻ ജനതിക രഹസ്യം
ഹിഗ്ഗ്സും ബോസുമായ്
നിലവറയിലെ തടവറ തുറന്ന്
അണുസങ്കേതങ്ങളിലെ
ഭരണിയിൽ തളച്ച
ദുർഭൂതമായ്
പ്രാണനിൽ
വായുബലക്കഷായം തിളയ്ക്കും

**ദിനങ്ങൾ അകലെയല്ല!**

**അതിനാൽ**
**ചന്ദ്രനിലെ തൂക്കവും**
**ഭൂമിയിലെ തൂക്കവും**
**ഓർത്തുള്ള**
**വൈഷമ്യം വെടിയുക!**
**************************************